# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :18/10/ 2019

## മാല മോഷണം രണ്ട് പ്രതികൾ അറസ്റ്റിൽ

കൊല്ലം : ഒരാഴ്ച്ചയായി കൊല്ലം ജില്ലയിൽ വ്യാപകമായ മോഷണം നടത്തിവന്നവർ പോലീസ് പിടിയിലായി. കിളികൊല്ലൂർ ചാത്തനാംകുളം കനകഭവനം സാബുവിന്റെ മകൻ ബിജു (39), മാന്നാർ എണ്ണക്കാട് നെടിയയ്യത്ത് കിഴക്കതിൽഗോപാലൻ മകൻ മനോജ് (41), മയ്യനാട് രാധാഭവനത്തിൽ ഉണ്ണിരാജ് മകൻ സുകു എന്നിവരാണ്പോലീസ് കസ്റ്റഡിയിലായത്.



വീടുകളിൽ ജോലി തേടിയാണ് ജില്ലയിൽ കഴിഞ്ഞ ഒരാഴ്ച്ചയായി ഇവർ മോഷണം നടത്തിവരുന്നത്. തെങ്ങുകയറ്റം ജോലിയാക്കി വീടുകളിൽ കയറി വയോധികർ താമസിക്കുന്ന വീടുകൾ മനസ്സിലാക്കി ഇത്തരംവീടുകൾ കേന്ദ്രീകരിച്ചാണ് ഇവർ മോഷണം നടത്തിവന്നിരുന്നത്. ഇതിനെ തുടർന്ന് സി.സി.ടി.വി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുകയും കൊല്ലംവെസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജി.രമേഷിന്റെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർ ഷൈൻ, സിവിൽ പോലീസ് ഓഫീസർമാരായ അബുതാഹിർ, ബാസ്റ്റിൻ സിറ്റി ഷാഡൊ ടീം അടങ്ങിയ സംഘമാണ് ഇവരെ അറസ്റ്റ് ചെയ്തത്. ബിജുവിനെ കരിക്കോട് ചപ്പാത്തടം എന്ന സ്ഥലത്ത് നിന്നും മനോജിനെ ഓച്ചിറ ഭാഗത്ത് നിന്നും, സുകുവിനെ തോപ്പിൽകടവിൽ നിന്നുമാണ് ഇവരെ അറസ്റ്റ്ചെയ്തത്. കൂടുതൽ മോഷ്ടാക്കൾ ഈ സംഘത്തിന് പിന്നിലുണ്ട് എന്ന് സംശയിക്കുന്നതായി അന്വേഷണത്തിന് നേതൃത്വം നൽകിയ ഓഫീസർ പറഞ്ഞു.